LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ ആകെ 4,100 ലക്ഷം രൂപയുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22,000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്. പ്രകൃതി ക്ഷോഭംമൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നും ഹെക്ടറിന് 13,500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35,000 രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് സർക്കാർ സംഭരിക്കുന്നത്.

(ബി) തരിശുനിലങ്ങൾ പൂർണ്ണമായും കൃഷിയോഗ്യമാക്കി നെൽകൃഷി നടത്തുന്നതിനായി കൃഷി വകുപ്പ് നിലവിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശ് നെൽകൃഷിക്ക് ഹെക്ടറിന് ആകെ 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ 750 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ആകെ 4483.0595 ലക്ഷം രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. അതിന്റെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു* 2020-21 വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായ സുഭിക്ഷകേരളം എന്ന ഘടക പദ്ധതിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രകാരവും 9070 ഹെക്ടർ സ്ഥലത്ത് തരിശ് നെൽകൃഷി നടപ്പിലാക്കി. തദ്ദേശ ഭരണസ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ് നെൽകൃഷിക്ക് ധനസഹായം നൽകുന്നുണ്ട്.

കീടങ്ങളുടെ നശീകരണം

38(2757) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെ പി.എച്ച്. നിർണ്ണയിക്കുന്നതിനുള്ള പി.എച്ച്. മീറ്ററുകൾ കൃഷി ഭവനുകൾ വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തെങ്ങുകളെ ആക്രമിക്കുന്ന ചുവന്ന ചെല്ലിയെ നശിപ്പിക്കുന്നതിനുള്ള കെണികൾ സംസ്ഥാനത്തുടനീളം ഒറ്റ ദിവസം വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

&

(സി) ഈ ദിവസം നിശ്ചയിച്ച് പ്രചരണം നടത്താൻ നടപടി സ്വീകരിക്കുമോ?

(ബി&സി) ചെമ്പൻ ചെല്ലിയെ നശിപ്പിക്കുന്നതിനായി ഉപയോഗിച്ചുവരുന്ന കെണികൾ സംസ്ഥാനത്തുടനീളം ഒരുമിച്ച് വയ്ക്കുന്നതിനുള്ള നടപടികൾ ആലോചിച്ചിട്ടില്ല. ഭീമമായ എണ്ണത്തിൽ ആവശ്യമായ ഇത്തരം കെണികളുടെ ലഭ്യതക്കുറവാണ് പ്രധാന പരിമിതി.

കർഷകരെ സഹായിക്കാനായി പദ്ധതികൾ

39(2758) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര കർഷകരെയും സുഗന്ധദ്രവ്യ മേഖലയേയും സഹായിക്കാനായി വ്യവസായശാലകളുടെ ശ്രേണി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ നാളികേര കർഷകരെയും സുഗന്ധദ്രവ്യ മേഖലയേയും സഹായിക്കാനായി നാളികേരം, സുഗന്ധ വിളകൾ എന്നിവയെ അടിസ്ഥാനമാക്കി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO)-കൾ രൂപീകരിക്കുന്നതിന് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. FPO-കൾ രൂപീകരിക്കുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണി കണ്ടെത്തൽ തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളികേര കൃഷി ലാഭകരമാക്കുന്നതിന് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം നാളികേര ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധന നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. വെർജിൻ കോക്കനട്ട് ഓയിൽ, തേങ്ങാപ്പാൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, ബേബി ഓയിൽ തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് 2016 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ സബ്സിഡിയായി 1,76,31,435 (ഒരു കോടി എഴുപത്തിയാറു ലക്ഷത്തി മുപ്പത്തി യൊന്നായിരത്തി നാന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly